2. ആധുനിക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക.

3. ഉന്നത വിദ്യാഭ്യാസത്തിലേക്കും സാങ്കേതിക വിദ്യാഭ്യാസത്തിലേയ്ക്കും പട്ടികവർഗ്ഗക്കാരെ കൊണ്ടുവരികയും അവരുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും ചെയ്യുന്നു.

4. സംരംഭക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരിൽനിന്നും കൂടുതൽ സംരംഭകരെ വളർത്തിക്കൊണ്ടു വരിക.

5. തൊഴിൽ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി മത്സരക്ഷമതയും/ സാഹചര്യവും സൃഷ്ടിക്കുക.

6. തൊഴിൽ പരിശീലനത്തിലൂടെയും തൊഴിൽ ലഭ്യതയിലൂടെയും സ്ത്രീകളുടെ ശാക്തീകരണം കൈവരിക്കുക.

(സി) ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കെയ്ടോൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി കോവളം. ഗവൺമെന്റ് പോളിടെക്നിക്കുകൾ, കിൻഫ്ര അപ്പാരൽ ട്രെയിനിംഗ് സെന്റർ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുമായാണ് നൈപുണ്യ വികസനത്തിനായി നിലവിൽ പ്രധാനമായും സഹകരിക്കുന്നത്.

(ഡി) നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എ പിരിവിൽ ചേർത്തിരിക്കുന്നു. ഇതിനുപുറമെ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണെന്നു കാണുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ജില്ലാതല/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കിവരുന്നു.

ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ

250 (3405) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഏജൻസികളിലൂടെ ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യവികസനത്തിനായി എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവാക്കിയെന്നതിനും കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഏജൻസികൾ പദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുകയും വിഭാവനം ചെയ്ത കേരപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ വരുകയും ചെയ്യുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പദ്ധതിവിഹിതം വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഊരുവികസന പദ്ധതികളിൽ (ഹാംലറ്റ് പദ്ധതി) മാത്രമേ ഏജൻസികളെ നിയോഗിക്കുന്നുള്ളൂ.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 150 കോടി രൂപ അനുവദിക്കുകയും 135.75 കോടി രൂപ ചെലവഴിക്കുകയും ചെയ്തിരുന്നതിൽ ഭൂരിഭാഗം തുകയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനാണ് വിനിയോഗിച്ചത്. ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷം 20 കോടി രൂപയും 2014-15 സാമ്പത്തിക വർഷം 25 കോടി രൂപയും 2015-16 സാമ്പത്തിക വർഷം 10 കോടി രൂപയും തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 2013-14 സാമ്പത്തിക വർഷത്തിൽ 982.93 ലക്ഷം രൂപയും 2014-15-ൽ 1061.64 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. ഭവന നിർമ്മാണത്തിനായി 2011-12 മുതൽ നാളിതുവരെ 15,333 ലക്ഷം രൂപ അനുവദിച്ചതിൽ 11,810.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly